# GHSS KOTTODI

HOSDURG SUB DISTRICT



# ഓർമ്മചെപ്പ്

PREPARED BY GHSS KOTTODI 2nd
standerd students

DIGITALISED BY LITTLE KITES UNITS
GHSS KOTTODI

# ആമുഖം

ഏറെ സന്തോഷത്തോടുകൂടിയുള്ളതാണ്
രണ്ടാം ക്ലാസ് ഓരോ ദിവസവും
കടന്നുപോകുന്നത്.ഓരോ കുട്ടിയും
ഡയറി നന്നായി എഴുതി ക്ലാസിൽ
അവതരിപ്പിക്കുന്നുണ്ട്. ഓരോ
ദിവസവും അവർക്ക് അനുഭവപ്പെടുന്ന
സന്തോഷവും സങ്കടങ്ങളും അവർ
ഡയറികളിൽ കുറിച്ചിടുന്നു.കുട്ടികളുടെ
ഭാവനയും ആശയവും ഭാഷാശേഷിയും
ഡയറി എഴുത്തിലൂടെ അവർ
അറിയാതെ വികസിക്കുന്നു.അവരുടെ
അനുഭവത്തിലൂടെ തൊട്ടറിഞ്ഞു
എഴുതിയ കാര്യങ്ങൾ പുസ്തകമാക്കി
മാറ്റുന്നു.ഓർമ്മച്ചെപ്പിലെ വിശേഷങ്ങൾ
വായിച്ചറിയൂ....... ആസ്വദിക്കൂ.



20/12/2023

**തിങ്കൾ**

ഞാൻ രാവിലെ എഴുന്നേറ്റു.രാവിലെ തന്നെ ചാറ്റൽമഴ ഉണ്ടായിരുന്നു.അതുകൊണ്ട് തന്നെ നല്ല തണുപ്പ് ഉണ്ടായിരുന്നു.മരത്തിൽ നിന്ന് വെള്ളത്തുള്ളികൾ താഴേക്ക് വീഴുന്നുണ്ടായിരുന്നു.കാണാൻ നല്ല രസം

-വൈഷ്ണവി



G.H.S.S.KOTTODI

3/01/2024

ബുധൻ

രാവിലെ എഴുന്നേറ്റ് മുറ്റത്തേക്ക് പോയി.പൂന്തോട്ടത്തിൽ നിറയെ പല നിറത്തിലുള്ള പൂക്കൾ.പൂക്കൾക്ക് ചുറ്റും പൂമ്പാറ്റകൾ പറന്നു രസിക്കുന്നു.കാണാൻ നല്ല രസം

-പാർവതി



11/10/2023

ബുധൻ

ഞാൻ രാവിലെ ശബ്ദം കേട്ട് എഴുന്നേറ്റ് പുറത്ത ഇറങ്ങി നോക്കി.മുറ്റത്ത് ഒരു പട്ടികുട്ടിയും അതിന്റെ അമ്മയും ഉണ്ടായിരുന്നു.ഞാൻ അതിന് ബിസ്കറ്റ് കൊടുത്തു.അത് എന്റെ അയൽപക്കത്തെ റോസി എന്ന് പേരുള്ള പട്ടികുട്ടി ആയിരുന്നു

-അമേഘ് രാജ്





<u>6/10/2023</u>

<u>വെള്ളി</u>

ഞാൻഇന്ന് രാവിലെ എഴുന്നേറ്റു കുളിയും കഴിഞ്ഞ് ഭക്ഷണവും കഴിച്ച് സ്കൂളിലേക്ക് വരാൻ റെഡിയായി മുറ്റത്ത് നിൽക്കുമ്പോൾ മുറ്റത്ത് നിൽക്കുന്ന ചെടിയിൽ ജമന്തിപൂക്കൾ നിറയെ ഉണ്ടായിരുന്നു അതിൽ ഭംഗിയുള്ള പൂമ്പാറ്റകൾ തേൻ കുടിക്കാൻ വന്നിരുന്നു

-ചിൻമയ





24/12/2023

ശനി

ഞാൻ രാവിലെ 6:45 ന് എഴുന്നേറ്റു വീടിന്റെ പുറത്തു വന്നു.ആകാശത്തേക്ക് നോക്കിയപ്പോൾ തിളങ്ങുന്ന സൂര്യനെ കണ്ടു.ഓറഞ്ചു നിറത്തിലുള്ള സൂര്യൻ.നമ്മുടെ തോട്ടത്തിന്റെ ഇടയിലൂടെ സൂരശ്മികളെ കാണാൻ നല്ല രസമാണ്.

-അൻഷിക



18/12/2023

ബുധൻ

ഇന്ന് വൈകുന്നേരം സ്കൂളിൽ നിന്ന് വീട്ടിലേക്ക് പോകുമ്പോൾ ഒരു മയിലിനെ കണ്ടു.പൂക്കൾക്ക് ഇടയിലാണ് ആ മയിൽ നിന്നിരുന്നത്.പച്ചയും നീലയും നിറത്തിലുള്ള നല്ല ഭംഗിയുള്ള ഒരു മയിലിനെയാണ് ഞാൻ കണ്ടത്.അത് പീലി നിവർത്തിയിട്ടുണ്ടായിരുന്നു.

-വൈഗലക്ഷ്മി



12/12/2023

ശനി

ഇന്ന്  രാവിലെ എഴുന്നേറ്റു. നല്ല തണുപ്പ് ഉണ്ടായിരുന്നു.പലുതേച്ച് ചായകുടിച്ചു മുറ്റത്ത് ഇറങ്ങി നോക്കിയപ്പോൾ നല്ല മഴ.മഴ കാണാൻ എന്തൊരു രസം! മുറ്റത്ത് വെള്ളം ഒഴുകാൻ തുടങ്ങി.ഞാൻ അകത്തുപോയി ഒരു പേപ്പർ എടുത്ത് ഒരു തോണി ഉണ്ടാക്കി വെള്ളത്തിൽ ഒഴുക്കി.ഇന്ന് എനിക്ക് ഏറെ സന്തോഷം ഉണ്ടായി.

-അഗ്നയാശി



<u>1/08/2023</u>

<u>തിങ്കൾ</u>

ഞാൻ രാവിലെ എഴന്നേറ്റു മുറ്റത്ത് വരുമ്പോൾ കണ്ടത് എന്റെ റോസാപ്പൂ വിരിഞ്ഞു നിൽക്കുന്നതാണ് അതുകൊണ്ട് എനിക്ക് വളരെ അധികം സന്തോഷമായി.

–അൻവിക.എം






10/12/2023

ഞായർ

ഇന്ന് മദ്റസ് കഴിഞ്ഞ് 11 മണിക്ക് വീട്ടിലെത്തി ഭക്ഷണം കഴിച്ചു കളിച്ചു .ഞങ്ങളുടെ വീട്ടിൽ ചാമ്പയ്ക്ക മരം ഉണ്ട്. ഞങ്ങൾ കുറേ ചാമ്പയ്ക്ക പറിച്ചു ഉപ്പിലിട്ടു കഴിച്ചു.

-റിംഷ



27/09/2023

ബുധൻ

സ്കൂൾ വിട്ട് വൈകുന്നേരം വീട്ടിൽ എത്തി ചായക്ക് ബിസ്കറ്റ് കൊണ്ടുവെച്ചു.അത് ഒരു കാക്ക എടുത്തുകൊണ്ട് പറന്ന് പോയി ഞാൻ അത് നോക്കി നിന്നുകരഞ്ഞു.അമ്മ എനിക്ക് വേറേ ബിസ്കറ്റ് തന്നു

-അക്ഷരഅരുണ്



16/10/2023

തിങ്കൾ

ഞാൻ പഠിച്ചുകൊണ്ട് ഇരിക്കുമ്പോൾ ഒരു പച്ച പുൽച്ചാടി എന്റെ ബുക്കിൽ വന്ന് ഇരുന്നു. പച്ച നിറമാണ് അതിന്  ആറുകാലും രണ്ട് കൊമ്പും ഉണ്ട്.ബുക്ക് അനങ്ങിയപ്പോൾ അത് പറന്നു പോയി

-ജോബേൽ



4/11/2023

വ്യാഴം

ഞാൻ ഇന്ന് രാവിലെ 7 മണിക്ക് എഴുന്നേറ്റു.പല്ല് തേച്ചു.കുളിച്ചു ചായ കുടിച്ചു.ചായയ്ക്ക് ദോശയും കടലക്കറിയും കഴിച്ചു മുറ്റത്തെ പൂക്കളെ നോക്കി നല്ല നല്ല പൂക്കൾ.ഞാൻ വെള്ളം ഒഴിച്ചു യുണിഫോം ഇട്ടു സ്കൂളിലേക്ക് പോയി

-ആഷ്‌വി






3/01/2024

ബുധൻ

രാവിലെ 6 മണിക്ക് എഴുന്നേറ്റ് പ്രഭാതകൃത്യങ്ങൾ ചെയ്തു സ്കൂളിൽ പോയി ടീച്ചർ വന്നു മലയാളം എഴുതി ഉച്ച ഭക്ഷണം കഴിച്ചു ഗണിതം പഠിപ്പിച്ചു.സ്കൂൾ വിട്ടു വീട്ടിൽ എത്തി ചായ കുടിച്ചു.മരത്തിൽ തത്ത ഉണ്ടായിരുന്നു. കുളിച്ചു എഴുതി തീർത്ത് ഭക്ഷണം കഴിച്ച് കിടന്നു

-ഷൻമഹി



2/11/2023

**വ്യാഴം**

ഇന്ന് രാത്രി നല്ല ഇടിയും മഴയും ആയിരുന്നു എനിക്ക് ഇടിയെ ഭയങ്കര പേടിയായിരുന്നു ഞാനെ ചേച്ചിയും അമ്മയെ കെട്ടിപിടിച്ച് ഇരുന്നു.

-കാർത്തിക്






2/11/2023

വ്യാഴം

ഞാൻ സ്കൂളിലിൽ നിന്ന് വീട്ടിലെത്തി ചായ കുടിച്ച ശേഷം ടീച്ചർ തന്ന ഹോംവർക്ക് ചെയ്ത ശേഷം പൂന്തോട്ടത്തിന് വെള്ളം ഒഴിച്ചു.

-ആരുഷ്







9/12/2023

ശനി

ഞാൻ ഇന്ന് ഒരു വീട്ടിൽ പോയപ്പോൾ ഒരു പൂന്തോട്ടത്തിൽ നിറയെ പൂക്കൾ കണ്ടു.പലതരത്തിലുള്ള പൂക്കൾ ഉണ്ടായിരുന്നു.കാണാൻ നല്ല ഭംഗിയായിരുന്നു.

-അൻവിയ.കെ.എസ്



23/10/2023
തിങ്കൾ

ഞാൻ ഇന്ന് അമ്മ കോഴിയേയും മൂന്ന് കോഴികുഞ്ഞുങ്ങളെയും കണ്ടു.അമ്മ കോഴിക്കും കോഴികുഞ്ഞുങ്ങൾക്കും ഞാൻ അരിമണികൾ കൊടുത്തു അരിമണികൾ കഴ്ച്ചു.പിന്നിട്ട് ചേച്ചിയും ഞാനും സ്കൂളിൽ പോയി.

-ശ്രീകുട്ടി





11/09/2023

തിങ്കൾ

എന്റെ വീട്ടിലെ താറാവ് അടയിരുന്നിട്ട് നല്ല ഭംഗിയുള്ള മൂന്ന് താറാവ് കുഞ്ഞുങ്ങൾ വിരിഞ്ഞു ഞാൻ താറാവ്കുഞ്ഞുങ്ങളെ എടുത്ത് മടിയിൽവെച്ച് തലോടി എന്നിട്ട് താറാവ് അമ്മയുടെ അടുത്തുവെച്ചു അമ്മ ചിറകിൻകീഴിൽയെടുത്തു.

-അഭിലയ



12/12/2023

ചൊവ്വ

സ്ക്കൂൾ വിട്ടു നന്ദനയുടെ അമ്മക്ക് ക്ലസ്റ്റർ മീറ്റിഗ് ഉള്ളത് കൊണ്ട് നന്ദനയെ എന്റെ വീട്ടിൽ  നിക്കണം അവളുടെ അമ്മ രാത്രി വിളിച്ചു പറഞ്ഞു അപ്പോൾ എനിക്ക് സന്തോഷമായി

-ഷഹത





4/10/2023

ബുധൻ

ഞാൻ ഇന്ന് പുറത്ത് കളിക്കുമ്പോൾ ഒരു കുരുവിയെ
കണ്ടു.ഞാൻ ആ കുരുവിയെ തൊടാൻ പോയപ്പോൾ
ആ കുരുവി പറന്നുപ്പോയി

-ആദിഷ്





2/01/2024

ചൊവ്വ

ഞാൻ സ്കൂളിൽ നിന്ന് വീട്ടിൽ വന്ന ശേഷം ചായ കുടിച്ചു.തോട്ടത്തിൽ ആടയ്ക്ക പെറുക്കാൻ അമ്മയുടെ കൂടെ പോയപ്പോൾ അവിടെ നാല് മയിലിനെ കണ്ടു.പിന്നെ കുളിച്ചിട്ട് വന്നിട്ട്  ഗണിതം ഹോംവർക്ക് ചെയ്തു.

-അൻമയ



3/01/2024

**ബുധൻ**

ഞാൻ ഇന്ന് സ്കൂളിൽ പോകുന്ന വഴിയിൽ ഒരു ഭംഗിയുള്ള പൂമ്പാറ്റ പറക്കുന്നത് കണ്ടു ഞാൻ അതിനെ പിടിക്കാൻ നോക്കിയപ്പോൾ അത് പറന്നു പോയി

-ആരാധന



22/11/2023

**ബുധൻ**

ഞാൻ ഇന്ന് രാവിലെ എഴുന്നേറ്റ് പല്ല് തേച്ച് കുളിച്ച് ഭക്ഷണം കഴിച്ച് സ്കൂളിൽ പോയി പഠിച്ച് കഞ്ഞികുടിച്ച് കണക്ക് പിരീഡ് ടീച്ചർ വന്ന് പഠിപ്പിച്ച് കളിക്കാൻ വിട്ടു.ക്രിക്കറ്റ് കളിക്കാൻ വിട്ടു.ക്രിക്കറ്റ് കളിച്ച് വീട്ടിലേക്ക് വന്നു മുട്ട കഴിച്ച് അച്ഛൻ കൊണ്ടുവന്ന ചെടി ചട്ടിയിൽ ഞാൻ ചെടി നട്ടു.എനിക്ക് വളരെ സന്തോഷമായി വാഴയിലേക്ക് നോക്കുമ്പോൾ ഒരു കുരുവി തേൻകുടിക്കുന്നുണ്ടായിരുന്നു.അതിനെ ഞാൻ ഓടിച്ച് വിട്ടു. അത് പറന്നു പോയി.

3/01/2024

**ബുധൻ**

ഞാൻ രാവിലെ 6 മണിക്ക് എഴുന്നേറ്റു.എന്നും പോലെ പ്രഭാത കൃത്യങ്ങൾക്കുശേഷം സ്കൂളിൽ പോയി.ടീച്ചർ വന്ന് പഠിപ്പിച്ചു.ചോറ് കഴിക്കും വരെ അമ്മു ടീച്ചർ വന്ന് പഠിപ്പിച്ചു ചോറുണ്ടതിന് ശേഷം ബെല്ലടിക്കും വരെ കളിച്ചു പിന്നെ ദീപടീച്ചർ വന്ന് പഠിപ്പിച്ചു.വൈകുന്നേരം 4 മണിക്ക് സ്കൂൾവിട്ട് ഞാനും ഏട്ടനും റോഡിൽ കൂടി വരുമ്പോൾ ഒരു നായ പൂച്ചകുട്ടിയെ കടിച്ച് പോകുന്നതുകണ്ടു ഞങ്ങൾ കുറച്ച് സമയം അത് നോക്കി നിന്നു എന്നിട്ട് വീട്ടിലേക്ക് വന്നു.

-ദേവാഞ്ജന.കെ



4/10/2023

**ബുധൻ**

നല്ല ചാറ്റൽ മഴയുടെ ശബ്ദം കേട്ടാണ് ഞാൻ ഉണർന്നത്. സ്കൂളിൽ പോവാൻ നല്ല രസമായിരുന്നു. ഇന്ന് വീട്ടിൽ ഭംഗിയുള്ള റോസാപ്പൂവ് വിരിഞ്ഞിടുണ്ടായിരുന്നു. സ്കൂളിൽനിന്ന് പ്രംസാദം കിട്ടി വീണ്ടും വേണം എന്ന് തോന്നി.നല്ല മധുരം. പാഠങ്ങൾ പഠിച്ച് വീട്ടിലേക്ക് പോകുമ്പോൾ ബസിൽ നിന്ന് കാഴ്ച്ച കണ്ടു.വീട്ടിൽ എത്തിയപ്പോൾ അമ്മയോട് വിശേഷം പറഞ്ഞു.

-നന്ദകിഷോർ. എ





2/01/2024

**ചൊവ്വ**

ഞാനും,കുഞ്ഞുണ്ണിയും,അമ്മയും,പുഷ്പമ്മയും,ചിന്നമേമയും, അമ്പാടിയും,അപ്പുമാമനും,സീമമ്മയും,മണിവല്യച്ഛനും, ആദിയേട്ടനും, ആമിചേച്ചിയും കൂടി കാനത്തൂർ തെയ്യം കാണാൻ പോയി. പുതിയ വാച്ച് വാങ്ങി. ഐസ്ക്രീം കഴിച്ചു. ഭക്ഷണം കഴിച്ചു.തെയ്യം കണ്ടു. ഞങ്ങൾ എല്ലാവരും അമ്മയുടെ വീടായ എടനീർ പോയി. ചായ കുടിച്ചു. കുളിച്ചു. പ്രാർത്ഥിച്ചു. തിരിച്ചുവന്നു. ഭക്ഷണം കഴിച്ചു.കിടന്നുറങ്ങി

-ശ്രീബാല





10/04/2023

ചൊവ്വ

ഞാൻ ഇന്ന് സ്കൂളിലേക്ക് വരുന്നവഴിയിൽ ഒരു കുട്ടി വീണു കിടക്കുന്നത് കണ്ടു. ഞാൻ ഓടിച്ചെന്ന് അവനെ എഴുന്നേൽപ്പിച്ചു. അവൻ നന്ദി പറഞ്ഞിട്ട് സ്കൂളിലേക്ക് പോയി ഞാനും സന്തോഷത്തോടെ സ്കൂളിലേക്ക് പോയി.

-നന്ദന

